©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 11**<br>Vol. XI | **തിരുവനന്തപുരം,**<br>**ബുധൻ**<br>Thiruvananthapuram,<br>Wednesday | **2022 മാർച്ച് 16**<br>16th March 2022<br>**1197 മീനം 2**<br>2nd Meenam 1197<br>**1943 ഫാൽഗുനം 25**<br>25th Phalguna 1943 | **നമ്പർ**<br>No. | **851** |

## കേരള സർക്കാർ

കേരളീയ പ്രവാസികാര്യ (എ) വകുപ്പ്

വിജ്ഞാപനം

സ.ഉ. (പി) നം.1/2022/നോർക്ക 14.03.2022
തിരുവനന്തപുരം

**എസ്. ആർ. ഒ. നമ്പർ 249/2022**

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10-ാം ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, കേരള സർക്കാർ, 2009 ഫെബ്രുവരി 27-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 02/2009/നോർക്ക നമ്പറായി പുറപ്പെടുവിച്ചതും 2009 ഫെബ്രുവരി 27-ാം തീയതിയിലെ 468-ാം നമ്പർ കേരള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 194/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിലേയ്ക്കായി ഇനിപ്പറയും പ്രകാരം പദ്ധതി ഉണ്ടാക്കുന്നു, അതായത്:-

**പദ്ധതി**

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ പദ്ധതിക്ക് 2022-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് 2022 ഏപ്രിൽ മാസം 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.- 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിൽ,-

(1) 15-ാം ഖണ്ഡികയിലെ,

(i) (1എ) ഉപഖണ്ഡികയിലെ "ഇപ്രകാരം 1 എ കാറ്റഗറിയിൽ നിന്നും 1 ബി കാറ്റഗറിയിലേക്ക് അംഗത്വം മാറുമ്പോൾ 1 എ കാറ്റഗറിയിലെ അംഗത്വ തീയതി മുതലുള്ള അംശദായം 1 ബി കാറ്റഗറി പ്രകാരം പുനഃക്രമീകരിക്കേണ്ടതാണ്:" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം താഴെപ്പറയുന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്, അതായത്:-

"ഇപ്രകാരം 1 എ കാറ്റഗറിയിൽ നിന്നും 1 ബി കാറ്റഗറിയിലേക്ക് അംഗത്വം മാറുന്നതിന് സമർപ്പിച്ച അപേക്ഷ അംഗീകരിച്ച മാസം മുതലാണ് കാറ്റഗറി വ്യതിയാനം പ്രാബല്യത്തിൽ വരുന്നത്. അംഗത്വം മാറിയത് പ്രാബല്യത്തിലായ മാസം മുതൽ 1ബി നിരക്കിലുള്ള അംശദായം തുടർന്ന് അടയ്ക്കേണ്ടതാണ്. കാറ്റഗറി മാറുന്നതു മൂലം യാതൊരുവിധ തുകയും അംഗത്തിന് തിരികെ ലഭിക്കുന്നതല്ല. അംശദായ കുടിശ്ശികയുള്ള 1എ അംഗങ്ങളുടെ കാറ്റഗറി മാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കുവാൻ പാടുള്ളതല്ല."

(ii) (1എ) ഉപഖണ്ഡികയിലെ ക്ലിപ്തനിബന്ധന ഒഴിവാക്കേണ്ടതാണ്.

(2) 22-ാം ഖണ്ഡികയിലെ (1)-ഉം (2)-ഉം ഉപഖണ്ഡികൾക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(1) അറുപത് വയസ്സ് പൂർത്തിയായതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം മൂവായിരത്തി അഞ്ഞൂറ് രൂപയും, അറുപത് വയസ്സ് പൂർത്തിയായതും അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും, സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചുവന്ന ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും, പ്രതിമാസം മൂവായിരം രൂപയും പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) അറുപത് വയസ്സ് പൂർത്തിയായതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിനും, ഓരോ കല്പിത അംഗത്തിനും, പ്രതിമാസം മൂവായിരം രൂപ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്."

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**സുമൻ ബില്ല**

പ്രിൻസിപ്പൽ സെക്രട്ടറി.

## <u>വിശദീകരണ കുറിപ്പ്</u>

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10-ാം ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി കേരള സർക്കാർ ആവിഷ്കരിച്ചിരുന്നു. പ്രസ്തുത പദ്ധതിയിലെ 22-ാം ഖണ്ഡികയിലെ (1)-ഉം (2)-ഉം ഉപഖണ്ഡികകളിൽ പ്രവാസി ക്ഷേമനിധിയിൽ വിവിധ വിഭാഗത്തിലുള്ള അംഗങ്ങൾക്ക് അർഹമായ പെൻഷൻ തുക വ്യക്തമാക്കിയിരിക്കുന്നു. 2009-ൽ നിലവിൽ വന്ന ക്ഷേമ പദ്ധതി മുഖേന 2014 സെപ്റ്റംബർ മുതൽ പെൻഷൻ നൽകിവരുന്നു. പ്രതിമാസം 300 രൂപ നിരക്കിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അംശദായമടച്ച ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന് പ്രതിമാസം ആയിരം രൂപയും പ്രതിമാസം നൂറ് രൂപ നിരക്കിൽ അംശദായം അടക്കുന്ന മുൻ പ്രവാസി കേരളീയനായ (വിദേശം), പ്രവാസി കേരളീയനായ (ഭാരതം), കല്പിതാംഗങ്ങൾക്ക് (അംശദായം അമ്പത് രൂപ) പ്രതിമാസം അഞ്ഞൂറ് രൂപയും കുറഞ്ഞ പെൻഷൻ അനുവദിച്ചു വന്നിരുന്നു. പ്രവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി 2017-18-ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് എല്ലാ വിഭാഗത്തിലും ഉള്ള അംഗങ്ങൾക്ക് പ്രവാസി ക്ഷേമ പെൻഷൻ രണ്ടായിരം രൂപയായി വർദ്ധിപ്പിച്ച് 2017 സെപ്റ്റംബർ മാസം മുതൽ പ്രാബല്യം വരുത്തി അനുവദിച്ചു വരുന്നു. പ്രവാസി കേരളീയൻ (വിദേശം) (1 എ വിഭാഗം) പ്രതിമാസ മിനിമം പെൻഷൻ തുക മൂവായിരത്തി അഞ്ഞൂറ് രൂപയായും മുൻ പ്രവാസി കേരളീയൻ (വിദേശം) (1 ബി വിഭാഗം)-ന്റെയും പ്രവാസി കേരളീയൻ (ഭാരതം) (2എ വിഭാഗം)-ന്റെയും മിനിമം പെൻഷൻ തുക മൂവായിരം രൂപയായും വർദ്ധിപ്പിക്കുന്നതിനു സർക്കാർ ഉദ്ദേശിക്കുന്നു. കൂടാതെ അംഗത്വം മാറാനുള്ള അപേക്ഷ അംഗീകരിക്കുന്ന മാസം മുതൽ മാത്രം കുറഞ്ഞ തുക അടയ്ക്കുന്ന രീതിയിൽ മാറ്റം വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.03.16 03:30:39 +05:30